(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണം ആരംഭിച്ചിട്ട് എത്ര കാലമായി എന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതി നിർമ്മാണത്തിനായി ഇതുവരെ എത്ര തുക ചെലവായി എന്നും നിർമ്മാണത്തിനായി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത് എന്നും വ്യക്തമാക്കുമോ;

(ഡി) കുടിവെള്ളക്ഷാമം രൂക്ഷമാകുന്ന സാഹചര്യത്തിൽ പ്രസ്തുത പദ്ധതി അടിയന്തിരമായി കമ്മീഷൻ ചെയ്ത് കുടിവെള്ളവിതരണം ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഇ) പദ്ധതി എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്?

ഉത്തരം

(എ) കേന്ദ്ര ഗവൺമെന്റിന്റെ ത്വരിത ഗ്രാമീണ ശുദ്ധജല പദ്ധതിയുടെ ഭാഗമായി ഇരട്ടയാർ, കൽകൂന്തൽ പദ്ധതി കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്തിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണം ആരംഭിച്ചിട്ട് മൂന്നു വർഷം കഴിഞ്ഞു.

(സി) ഈ പദ്ധതിയുടെ അടങ്കൽ തുക 731.00 ലക്ഷം രൂപയും ഇതുവരെയുള്ള ചെലവ് 115.12 ലക്ഷം രൂപയുമാണ്.

(ഡി) പ്രസ്തുത പദ്ധതിയിലെ കിണർ, പമ്പ് ഹൗസ്, ടാങ്കുകൾ എന്നിവയുടെ പണികൾ പൂർത്തീകരിച്ചു. പ്ലാന്റിന്റെ നിർമ്മാണം പൂർത്തിയായി. സെഡിമെന്റേഷൻ ടാങ്കിന്റേയും ബൂസ്റ്റിംഗ് ടാങ്കിന്റേയും നിർമ്മാണ പ്രവർത്തനം എത്രയും വേഗം ആരംഭിക്കുന്നതാണ്. പൈപ്പു ലൈനുകളുടെ എസ്റ്റിമേറ്റ് പുതിയ നിരക്കിലാക്കി പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ഈ പദ്ധതി 2006 ഡിസംബർ മാസത്തിൽ കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിട്ടിരിക്കുന്നു.

കോട്ടയം മെഡിക്കൽ കോളേജിലെ ശുദ്ധജലവിതരണം

66 [2537] ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം മെഡിക്കൽ കോളേജിലെ ദ്രവമാലിന്യങ്ങൾ സമീപപ്രദേശങ്ങളിലെ കുടിവെള്ള സ്രോതസ്സുകളേയും മറ്റ് ജലസ്രോതസ്സുകളേയും മാലിന്യപൂരിതമാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇപ്രകാരമുള്ള മലിനീകരണം തടയുന്നതിന് സർക്കാർ എന്തു നടപടി സ്വീകരിച്ചു എന്നും എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്നും വ്യക്തമാക്കുമോ;

(സി) കുറ്റമറ്റ രീതിയിൽ ശുദ്ധജലവിതരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കോട്ടയം മെഡിക്കൽ കോളേജിലെ മലിനീകരണം തടയുന്നതിനായി കേരള വാട്ടർ അതോറിറ്റി സീവറേജ് സംവിധാനം നവീകരിക്കാനായി 45 ലക്ഷം രൂപയുടെ ഒരു പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഗ്രിറ്റ് ചേമ്പർ, സ്ക്രീൻ ചേമ്പർ എന്നിവ സ്ഥാപിക്കുക, നിലവിലുള്ള സ്റ്റോൺ വെയർ പൈപ്പുകൾ മാറ്റി പി.വി.സി. പൈപ്പുകൾ സ്ഥാപിക്കുക, മാൻഹോളുകൾ നന്നാക്കുക, സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് മെക്കാനിക്കൽ ഭാഗങ്ങൾ മാറ്റി നവീകരിച്ച് പ്രവർത്തനക്ഷമമാക്കുക തുടങ്ങിയ പണികളാണ് ചെയ്യുന്നത്. ഇതിനുള്ള ടെന്ററുകൾ വിളിച്ചിട്ടുണ്ട്.

മലിനീകരണ നിയന്ത്രണ ബോർഡ് ഹ്രസ്വകാല നടപടിയായി കുടിവെള്ള സ്രോതസ്സുകൾ മലിനപ്പെട്ടു എന്നുകണ്ട കിണറുകളും പരിസര പ്രദേശങ്ങളും ബ്ലീച്ചിംഗ് പൗഡർ ഉപയോഗിച്ച് അണുവിമുക്തമാക്കി. മതിയായ മാലിന്യ നിർമ്മാർജ്ജന സൗകര്യങ്ങൾ ഏർപ്പെടുത്താത്ത 36 വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും ആവശ്യമായ നടപടികൾ കൈക്കൊണ്ടില്ലെങ്കിൽ അടച്ചുപൂട്ടൽ ഉത്തരവ് നൽകുമെന്ന് അറിയിക്കുകയും ചെയ്തു. അതിന്റെ പരിണിത ഫലമായി ദീർഘകാല നടപടിയായി മെഡിക്കൽ കോളേജിനടുത്ത് പ്രവർത്തിക്കുന്ന ഹോട്ടലുകൾ, ക്ലിനിക്കൽ ലബോറട്ടറികൾ, ലോഡ്ജുകൾ തുടങ്ങിയ സ്ഥലങ്ങളിൽ ഉണ്ടാകുന്ന ദ്രവ മാലിന്യങ്ങൾ കുഴലുകളിട്ട് ശേഖരിക്കാനും മലിനജല സംസ്ക്കരണ പ്ലാന്റ് സ്ഥാപിച്ച് അവിടെ ശുദ്ധീകരിച്ച് നിർമ്മാർജ്ജനം ചെയ്യാനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. ഇതിനായി കോട്ടയം ആർ. ഡി. ഒ.-യുടെ നേതൃത്വത്തിൽ ഒരു സൊസൈറ്റി രൂപീകരിച്ചിട്ടുണ്ട്. ഗാന്ധിനഗർ പരിസ്ഥിതി സംരക്ഷണ സമിതി രൂപീകരിച്ചതിൽ ജില്ലാ പഞ്ചായത്തും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡും ഗുണഭോക്താക്കളായ വ്യാപാര-വ്യവസായ സ്ഥാപനങ്ങളും ചേർന്ന് ഇതിനായി പണം കണ്ടെത്തി 2005 ഏപ്രിൽ മാസത്തിനുള്ളിൽ പ്രവർത്തനസജ്ജമാക്കാനാണ് നടപടി എടുത്തുവരുന്നത്. മലിനജല സംസ്ക്കരണ പ്ലാന്റ് സ്ഥാപിക്കാനുള്ള സ്ഥലം കണ്ടെത്തുന്ന നടപടി ക്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

(സി) കോട്ടയം മെഡിക്കൽ കോളേജിന്റെ സമീപപ്രദേശങ്ങളായ ഗാന്ധിനഗറിലെ ശുദ്ധജലവിതരണം കാര്യക്ഷമമാക്കുന്നതിലേക്കായി 35 ലക്ഷം രൂപയുടെ ഒരു പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതിനായി അയ്മനം

LIBRARY ARCHIVES Kerala Legislative Assembly

പമ്പ്ഹൗസിൽനിന്നും കൂടുതലായി ജലം പമ്പ്ചെയ്ത് നിലവിലുള്ള ശുദ്ധീകരണ ശാലയിൽ ശുദ്ധീകരിച്ച് വിതരണശൃംഖലയെ പ്രത്യേകമാക്കി ശുദ്ധജലവിതരണം നടത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരം പ്രവർത്തികൾ ശുദ്ധജല വിതരണം കൂടുതൽ കാര്യക്ഷമമാക്കും.

മേജർ ഇറിഗേഷന്റെ കീഴിൽ ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിൽ നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ

67 [2538] ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മേജർ ഇറിഗേഷന്റെ കീഴിൽ ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിൽ നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) മൈനർ ഇറിഗേഷനുമായി ബന്ധപ്പെട്ട് ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) എൽ. ഐ. സി. സ്കീം മുഖേന ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ കുടിവെള്ള പദ്ധതികൾ ഏതെല്ലാമെന്നും അവയുടെ പ്രവർത്തന പുരോഗതി എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) മേജർ ഇറിഗേഷന്റെ കീഴിൽ ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിൽ പണികളൊന്നും നടക്കുന്നില്ല.

(ബി) മൈനർ ഇറിഗേഷനുമായി ബന്ധപ്പെട്ട് ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിൽ കാറൽമണ്ണ എൽ. ഐ. സി. സ്കീമിന്റെ അറ്റകുറ്റപ്പണികൾ ചെയ്യുവാൻ ആരംഭിച്ചിട്ടുണ്ട്.

(സി) ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിൽ എൽ. ഐ. സി. സഹായത്തോടെ 6 ശുദ്ധജലവിതരണ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഈ പദ്ധതികൾ താഴെ പറയുന്നവയാണ്.

1. കരിമ്പുഴ I & II വില്ലേജുകളിലേക്കുള്ള ശുദ്ധജലവിതരണ പദ്ധതി.
2. ശ്രീകൃഷ്ണപുരം I & II വില്ലേജുകളിലേക്കുള്ള ശുദ്ധജല വിതരണ പദ്ധതി.
3. വെള്ളിനേഴി ശുദ്ധജല വിതരണ പദ്ധതി.
4. പൂക്കോട്ട്കാവ് ശുദ്ധജല വിതരണ പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly